ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടാവും.

ശ്രീ. ഈപ്പൻ അറയ്ക്കൽ: വക്കിലന്മാർ കൂടുതലുള്ളതു് ആലപ്പുഴയല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അവക്കു് പെട്ടെന്നു അമ്പലപ്പുഴയിൽ വരുവാൻ വേണ്ടത്ര ബസ്സു സൗകര്യങ്ങളുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആലപ്പുഴയ്ക്കു മാറ്റമുണ്ടായാൽ കക്ഷികൾക്കു കൂടുതൽ അസൗകര്യം വരികയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയും അഭിപ്രായമുണ്ടു്.

ശ്രീ. എ. താണുപിള്ള: ഒരു കോടതി സ്ഥാപിക്കുന്ന കാര്യത്തിൽ വക്കീലന്മാരുടെ സൗകര്യമാണോ, കക്ഷികളുടെ സൗകര്യമാണോ കൂടുതൽ പരിഗണിക്കേണ്ടതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കക്ഷികളുടെ സൗകര്യമാണു്.

മദ്യനിരോധനം മൂലമുള്ള നഷ്ടം

*൫൬൪. (൨൯) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.

(എ) ഇക്കൊല്ലം പതുതായി രണ്ടു് താലൂക്കുകളിൽ മദ്യനിരോധന നടപ്പിൽ വരുത്തുന്നതു് സംബന്ധിച്ചു് ഗവൺമെണ്ടിനു എന്തു നഷ്ടം വരുമെന്നു് പറയാമോ;

(ബി) ഇക്കൊല്ലത്തെ അബ്കാരി ലേലത്തിൽ കഴിഞ്ഞ കൊല്ലത്തേക്കാൾ എത്ര രൂപാ കൂടുതൽ കിട്ടിയിട്ടുണ്ടെന്നു പറയുവാൻ മയവുണ്ടാകുമോ?

വ്യവസായവും, എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഏകദേശം ൪ ലക്ഷം രൂപയുടെ നഷ്ടം ഉണ്ടു്.

(ബി) ൧൯൫൯-ൽ ൨൫൯-ൽ രൂപ കൂടുതൽ കിട്ടിയിട്ടുണ്ടു്.

ശ്രീമതി ദേവകി ഗോപിദാസ്: മദ്യനിരോധനം നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിരിക്കുന്ന താലൂക്കുകളിലെ ജനസംഖ്യയും വിസ്തീർണ്ണവും വളരെ കുറവാണെന്നു് അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ജനസംഖ്യ വളരെ കുറവാണെന്നു തോന്നുന്നില്ല. ഏകദേശം ൨ ലക്ഷത്തിൽ ചിലപ്പോൾ ഉണ്ടു്.

ശ്രീ. നീലകണ്ഠരു പണ്ടാരത്തിൽ: ഈ നഷ്ടം പരിഹരിക്കുന്നതിനു കെ. പി. സി. സി. പ്രസിഡണ്ടു് വല്ല നിർദ്ദേശങ്ങളും തന്നിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: പലരും പല നിർദ്ദേശങ്ങളും തന്നിട്ടുണ്ടു്.

ശ്രീ. വി. ഗംഗാധരൻ: മദ്യനിരോധനം നടപ്പിൽ വരുത്തിയിട്ടുള്ള താലൂക്കുകളിൽ എവിടെയെങ്കിലും നിന്നു് ഇതു് പിൻവലിക്കണമെന്നു കാണിച്ചു വല്ല നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: നിവേദനങ്ങളൊന്നും കിട്ടിയിട്ടില്ല.

ശ്രീ. വി ഗംഗാധരൻ: മദ്യനിരോധനം പിൻവലിക്കണമെന്നു് ഗവൺമെണ്ടിനു് വല്ല ആലോചനയുമുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇതുവരെ യാതൊരു ആലോചനയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഗംഗാധരൻ: ആയൂർ എന്ന പ്രദേശം മദ്യനിരോധന മേഖല യിൽനിന്നും ഒഴിവാക്കണമെന്ന കാണിച്ചു നിവേദനം സമർപ്പിച്ചിട്ടുണ്ടെന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ശരിയല്ല.

ശ്രീമതി ദേവകി ഗോപിദാസ്: ഒരു കാരണവശാലും മദ്യനിരോധനം എർ പ്പെടുത്തിയ താലൂക്കുകളിൽ അവ പിൻവലിക്കാതിരിക്കാൻ ഭയപ്പെടുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: പിൻവലിക്കരുതെന്നാണു ഗവണ്മെണ്ടു് വിചാ രിക്കുന്നതു്.

മദ്യവർജ്ജന പദ്ധതി

* 8 ൭൪. (൨൨) ശ്രീമതി ദേവകിഗോപിദാസ്: താഴെ പറയുന്ന ചോ ദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ്സു വകുപ്പുമന്ത്രി സദയം മറുപടി നല്കു മോ.—

(എ) മദ്യനിരോധനം ഏർപ്പെടുത്തിയ ആദ്യവർഷം ഗവണ്മെണ്ടിനു് എ ത്ര നഷ്ടം ഉണ്ടായി;

(ബി) രണ്ടാമത്തെകൊല്ലം എത്ര നഷ്ടം നേരിട്ടു?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ആദ്യത്തെ വർഷം ൫൩ ലക്ഷം രൂപ.

(ബി) രണ്ടാമത്തെ വർഷം ൭൫ ലക്ഷം രൂപ.

ശ്രീ. സി. സി. പ്രസാദ്: മദ്യനിരോധനത്തിൽ വന്നിട്ടുള്ള നഷ്ടം പരിഹ രിക്കുന്നതിനായിട്ടാണോ സിൻഡർ ബെറീസ് എന്നൊരു മരുന്നു് ഷാപ്പുകളിൽ വില്ക്കാൻ അനുവാദം കൊടുത്തിരിക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ ചോദ്യത്തിനു ഉത്തരം പറയാൻ നിവൃത്തി യില്ല.

മദ്യവർജ്ജനത്തെപ്പറ്റി പൊതുജനാഭിപ്രായം

* ൪൭൩. (൨൩) ശ്രീമതി ദേവകിഗോപിദാസ്: താഴെ പറയുന്ന ചോ ദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ്സുവകുപ്പുമന്ത്രി സദയം മറുപടി നല്കു മോ.—

(എ) മദ്യനിരോധനം സംബന്ധിച്ചു് പൊതുജനാഭിപ്രായം എന്താണെ ന്നു ഗവണ്മെണ്ടിനറിയാമോ;

(ബി) പൊതുജനാഭിപ്രായം അനുസരിച്ചു പ്രവൃത്തിക്കാൻ ഗവണ്മെണ്ടു് തയാറാവുമോ?

വ്യവസായവും, എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) അറിയാം. മദ്യനിരോധനം സംബന്ധിച്ചു് പലവിധ പൊതുജ നാഭിപ്രായങ്ങളുമുണ്ടു്.

(ബി) പൊതുജനാഭിപ്രായം അനുസരിച്ചാണു് ഇപ്പോൾ പ്രവൃത്തിക്കു ന്നതു്.

ശ്രീമതി ദേവകിഗോപിദാസ്: മദ്യനിരോധനത്തെപ്പറ്റി എതിരഭിപ്രാ യംവല്ലതും കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly